# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2914 18.06.2019 ൽ മറുപടിക്ക്**

**കരമന-കളിയിക്കാവിള ആറുവരി പാത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കരമന-കളിയിക്കാവിള ആറുവരി പാത വികസനത്തിന്റെ ഒന്നാം ഘട്ടം മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടും രണ്ടാം ഘട്ടമായ പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം കരമന - കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്തെ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയ്ക്ക് ഉത്തരവ് നം.31/കിഫ്ബി/2016 തീയതി 16.11.2016 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ സ്ഥലമെടുപ്പ് പൂർത്തിയായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെയുള്ള ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുവാൻ തീരുമാനിക്കുകയും തുടർന്ന് ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി പി.എം.യു, കെ.ആർ.എഫ്.ബി വഴി നൽകുകയും 2018 ഏപ്രിൽ മാസം ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന് ടെണ്ടർ പാസാക്കി നൽകിയെങ്കിലും പണി ഏറ്റെടുക്കുവാൻ വിസമ്മതിക്കുകയുണ്ടായി. ഇതേ തുടർന്ന് ഒക്ടോബർ മാസത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുകയും ടെണ്ടറിൽ മൂന്ന് കമ്പനികൾ പങ്കെടുത്തതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിക്കുവാൻ തീരുമാനിക്കുകയും 04.01.2019-ൽ പ്രസ്തുത സൊസൈറ്റിയുമായി കരാർ ഒപ്പു വയ്ക്കുകയും |

ചെയ്യു.

ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയത്; എത്ര കോടി രൂപയാണ് ടെൻഡർ തുക; എന്നത്തേക്ക് പണി പൂർത്തിയാക്കണമെന്നാണ് കരാറിൽ നിർദ്ദേശിച്ചിട്ടുള്ളത്;

ബി) ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച നൽകിയിരിക്കുന്നത്. ടെണ്ടർ തുക 112,07,33,937.02 രൂപയാണ്. 24 മാസക്കാലമാണ് നിർമ്മാണ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്.

സി) പ്രസ്തുത പാതയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകൾ, കുടിവെള്ള പൈപ്പുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

സി) പ്രസ്തുത പാതയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകൾ മാറ്റി തുടങ്ങിയിട്ടുണ്ട്. കുടിവെള്ള പൈപ്പ് മാറ്റുന്നതിന് കേരള വാട്ടർ അതോറിറ്റി ഉടൻ ടെണ്ടർ ചെയ്യുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്.

ഡി) കൊടിനട മുതൽ വഴിമുക്ക് വരെയുള്ള മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്; എന്ത് തുകയാണ് നഷ്ടപരിഹാരമായി ഇക്കാര്യത്തിൽ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഡി) തിരുവനന്തപുരം ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറിന്റെ റിപ്പോർട്ട് പ്രകാരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള പാത വികസനത്തിന്റെ ഭാഗമായി ഇടതു ഭാഗം 08.03.2019 ലെ 636-ാം നമ്പർ അസാധാരണ ഗസറ്റിലും വലതു ഭാഗം 08.03.2019 ലെ 635-ാം നമ്പർ അസാധാരണ ഗസറ്റിലും 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ ഹ്യൂമൺ ബിഹേവിയറിനെ ജില്ലാ കളക്ടർ ഏൽപ്പിച്ചിട്ടുള്ളതുമാണ്. ടി പൊന്നും വില നടപടിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര തുക അനുവദിച്ചിട്ടില്ല

സെക്ഷൻ ഓഫീസർ